Aticle 1

ലോകം മുഴുവനും ഉള്ള തുണിമില്ലുകളിലെ തൊഴിലാളികൾ പറയുന്നു:

ഇനി മരിക്കാൻ ഞങ്ങൾ തൊഴിലാളികൾ ഇല്ല,

മുതലാളിത്ത വ്യവസ്ഥയാണ് മരിക്കേണ്ടത്

ലോസ് ഏയ്ഞ്ചൽസ് (യു എസ് എ)--"ഫാക്ടറി അടച്ചിടുവാൻ മേലധികാരി തയ്യാറായിരുന്നില്ല,കാരണം അയാൾക്ക് കൂടുതൽ പണം കിട്ടുന്നതിനായിരുന്നു മുൻതൂക്കം".

ലോസ് ആഞ്ചൽസിലെ ഒരു വസ്ത്ര നിർമ്മാണ ഫാക്ടറിയിലെ തൊഴിലാളിയായ സ്ത്രീ പറയുന്നു.റെഡ് ഫ്ലാഗിന്റെ വായനക്കാരിയും കൂടിയാണിവർ."ഞങ്ങൾ ഫാക്ടറിയിൽ ജോലിക്കു പോകുന്നത് തുടർന്ന്കൊണ്ടിരുന്നു കാരണം ഞങ്ങൾക്ക് ജീവിക്കുവാൻ വേണ്ടി ജോലി ചെയ്യേണ്ടതുണ്ട്.

ഇതേ ഫാക്ടറിയിൽ ജോലി ചെയ്തുകൊണ്ടിരുന്ന നാല് തൊഴിലാളികൾ കോവിഡ്-19 ബാധിച്ചു മരണമടഞ്ഞിരുന്നു.മുന്നൂറ് പേർ കോവിഡ് ബാധിതരായിട്ടുണ്ട്. ലൊസാഞ്ചൽസ് സിറ്റിയിലെ ആരോഗ്യവകുപ്പ് ഈ ഫാക്ടറി അടയ്ക്കണമെന്ന് നിർബന്ധം ചെലുത്തിയിരുന്നു. പക്ഷെ മേലധികാരി അതിനു തയ്യാറല്ലായിരുന്നു.

കഴിഞ്ഞ മാർച്ച് മാസത്തിൽ ഇതേ ഫാക്ടറി ഉടമ പരസ്യമായി ഒരു പ്രസ്താവന നടത്തിയിരുന്നു,"തന്റെ നാന്നൂറ് തൊഴിലാളികൾ ഒരുലക്ഷം ഫേസ് മാസ്കുകൾ ജനങ്ങളുടെ സംരക്ഷണത്തിന് വേണ്ടി നിർമ്മിക്കുവാൻ പോകുന്നു" എന്ന്.ഈ പ്രസ്താവനയ്ക്ക് ഒരുപാടു പൊതു ശ്രദ്ധ നേടാൻ കഴിഞ്ഞിരുന്നു. തുടർന്ന് ആയിരത്തോളം തൊഴിലാളികളെ നിയമിക്കുന്നതിന് വേണ്ടി ഒരു ബഹുജന പ്രചാരണം അയാൾ ആരംഭിച്ചു.മാത്രവുമല്ല ഈ തൊഴിലാളികളെ യാതൊരുവിധ സുരാക്ഷാനടപടികളും ഉറപ്പു വരുത്താതെ ജോലിചെയ്യുവാൻ നിർബന്ധിക്കുകയും ചെയ്തിരുന്നു.

ഈ ഫാക്ടറി ഉടമ തന്നെ പിന്നീട് തൊഴിലാളികളെ കുറ്റപ്പെടുത്തുകയാണ് ഉണ്ടായത്, അവർ തെക്കു ലോസാഞ്ചൽസിൽ താമസിക്കുന്നവരാണെന്നും അവിടെ രോഗം പടർന്നു പിടിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കമ്പനിയിൽ രോഗം വ്യാപിക്കുന്നതിനു ഇത് കാരണമായെന്നും ആയിരുന്നു അയാളുടെ വാദം. കമ്പനിയിലെ സുരക്ഷിതമല്ലാത്ത തൊഴിൽ അന്തരീക്ഷം അയാൾ മറച്ചു വയ്ക്കാനാണ് ശ്രമിച്ചത്.

എൽസാൽവദോറിൽ നിന്നുമുള്ള ഒരു മഖില തൊഴിലാളി താൻ ജോലി ചെയ്യുന്ന ഫാക്ടറിയിലെ സമാനമായ അവസ്ഥകളെപ്പറ്റി വിവരിക്കുന്നു. "ഇന്റർനാഷണൽ കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടി(ഐ സി ഡബ്ള്യു പി) എന്ന

നിലയിൽ നമുക്ക് കമ്മ്യൂണിസ്റ്റ് ലോകത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ വളരെ കഠിനമായി യുദ്ധം ചെയ്തു മുന്നോട്ടു പോകേണ്ടതുണ്ട്. മുതലാളിത്തം അവനിപ്പിക്കേണ്ടതാണ്, എങ്കിൽ മാത്രമേ ലോകത്താകമാനം ഉള്ള മകിലിയ തൊഴിലാളികളെപോലെ ഞങ്ങൾ തൊഴിലാളികളും ഇനിയും ചൂഷണം ചെയ്യപെടാതിരിക്കുകയുള്ളു.

വടക്കേ മെക്സിക്കോയുടെ അതിർത്തിയിലുള്ള നഗരങ്ങളിൽ, മൂന്നുലക്ഷത്തിലധികം തൊഴിലാളികൾ മകിലകളിൽ ജോലി ചെയ്യുന്നു. രോഗവ്യാപനം ഇരട്ടിച്ചുകൊണ്ടിരിക്കുകയണിവിടെ. നൂറോളം തൊഴിലാളികൾ ഇതിനിടെ മാറപ്പെടുകയുണ്ടായി.സിയൂദാദ് ഹുവാരെ നഗരത്തിൽ നൂറിലധികം തൊഴിലാളികൾ സമരത്തിലാണ്. 12 തൊഴിലാളികൾ രോഗവ്യാപിതരായി മരണപ്പെടുകയും രോഗവ്യാപനം തൊഴിലാളികൾക്കിടയിൽ ശക്തമാവുകയും ചെയ്തതിനെ തുടർന്നാണ് തൊഴിലാളികൾ സമരത്തിറങ്ങിയത്.ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അത്യാവശ്യമല്ലാത്ത മകിലാടോറകൾ അടയ്ക്കണമെന്നതാണ് സമരത്തിലൂടെ അവർ ആവശ്യപ്പെട്ടത്.

റ്റിഹുവാണ, മെക്സിക്കലി, മെറ്റാമോറോസ്, റെയ്നോസ എന്നീ നഗരങ്ങളിലും സമാന സംഭവങ്ങളാണ് ഉണ്ടായത്.ആയിരങ്ങൾ രോഗബാധിതരാകുകയും മരണപ്പെടുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ വളരെ അപകടകരമായ തൊഴിൽ അന്തരീക്ഷം ഒഴിവാക്കുന്നതിന് വേണ്ടി അന്തർ ദേശീയ തലത്തിലുള്ള വലിയ കമ്പനികളായ ലിയർ, ഹണിവെൽ, എമേഴ്സൺ എന്നിവ ഉല്പാദനവും പ്രവർത്തനവും നിർത്തി വായിക്കുകയുണ്ടായി.

അമേരിക്കൻ ഈഗിൾ എന്ന ബ്രാൻഡിന് വേണ്ടി തുണിത്തരങ്ങൾ നിർമ്മിക്കുന്ന കമ്പനിയായ കെ പി ടെക്സ്റ്റയിൽ എന്ന മകിലയിലെ 300 ലധികം തൊഴിലാളികൾ കോവിഡ് വ്യാപനത്തെ തുടർന്ന് വൈറസ് ബാധിതരായി തീർന്ന സാഹചര്യത്തിൽ സാൻ മിഗേൽപെട്ടാപ്പ,ഗ്വാട്ടിമാല എന്നീ നഗരങ്ങളിൽ ഇതേ കമ്പനിയുടെ മകിലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ പ്രക്ഷോഭത്തിലാണ്.

കോവിഡ് വ്യാപനം ശക്തമായതോടെ ഗ്വാട്ടിമാല നഗരം പൂർണ്ണമായും അടച്ചുപൂട്ടി. നൂറ്റി ഇരുപത്തഞ്ചു കമ്പനികളിൽ വാൻ ശക്തമായി രോഗം വ്യാപിച്ചു.പ്രത്യേകിച്ചും കാൾ സെന്റർ പോലെയുള്ള സ്ഥാപനങ്ങളിൽ. ഗ്വാട്ടിമാലയിലെ ആയിര കണക്കിനാളുകൾ ജോലി ചെയ്യുന്നത് ഇത്തരത്തിലുള്ള കമ്പനികളിലാണ്.

ലോസ് അഞ്ചൽസിൽ നിന്നും മെക്സിക്കോ വരെയുള്ള വസ്ത്ര നിർമ്മാണ ഫാക്ടറികളിലെയും മദ്ധ്യ അമേരിക്ക, ഇന്ത്യ, ചൈന തുടങ്ങിയ മറ്റു രാജ്യങ്ങളിലെയും തൊഴിലാളികൾ ഈ മുതലാളിത്തം സൃഷ്ട്ടിക്കുന്ന ഈ പ്രതിസന്ധിയിൽ വളരെ കഷ്ടത അനുഭവിക്കുന്നുണ്ട്. കോവിഡ് 19 മൂലമുണ്ടായ

സാമ്പത്തിക മാന്ദ്യം ആയിരക്കണക്കിന് തൊഴിലാളികളെ വളരെ അപകടകരമായ തൊഴിൽ അന്തരീക്ഷത്തിൽ പോലും അവരുടെ ജീവൻ പണയം വച്ച് ജോലി ചെയ്യുവാൻ നിർബന്ധിതരാക്കി തീർന്നിരിക്കുകയാണ്. ലോകത്താകമാനം ആറ് ലക്ഷത്തിലധികം ജനങ്ങളുടെ മരണത്തിനു കാരണമാകുകയും 15 മില്യൺ ആളുകളിൽ രോഗവ്യാപനം നടത്തുകയും ചെയ്ത അപകടകാരിയായ വൈറസ് വ്യാപനത്തിൽ നിന്നും ഈ തൊഴിലാളികൾ ഒട്ടും സുരക്ഷിതരല്ല.

മതി! ഇനിയും തൊഴിലാളികളുടെ മരണം ഉണ്ടാവരുത്! മുതലാളിത്ത വ്യവസ്ഥയാണ് നശിക്കേണ്ടത്.

നമുക്ക് ജയിക്കാനായി ഒരു ലോകമുണ്ട്. നമ്മൾ അവിടെ കമ്മ്യൂണിസ്റ്റ് ആദർശങ്ങൾ പ്രചരിപ്പിച്ചു ഒരു പുതിയ ലോകം ഉണ്ടാക്കേണ്ടതുണ്ട്. ലോസ് അഞ്ചൽസ്സിലെ അപ്പാരൽ കമ്പനിയിലെ നൂറു കണക്കിന് തൊഴിലാളികൾ റെഡ് ഫ്ലാഗ് സ്വീകരിച്ചു. ഐ സി ഡബ്ലിയു പി യിൽ ചേർന്നതിലൂടെ അവർ സംഘാടകരും നേതാക്കളും ആവേണ്ടതുണ്ട്. അതിനു വേണ്ടി അവർ മുന്നോട്ടു വരേണ്ടതും ആണ്.

ഒരു കമ്മ്യൂണിസ്റ്റ് ലോകത്തിനായി നമുക്ക് പോരാടാം. അവിടെ ഉടമകളുടെ ലാഭം ആയിരിക്കരുത് നമ്മുടെ നിലനിപ്പിന്റെ വലിയ ഉറവിടം. മറിച്ചു നമ്മൾ ഒരു പുതിയ കമ്മ്യൂണിസ്റ്റ് സമൂഹം സന്നാഹം ചെയ്യുകയും അവിടെ നമ്മൾ തൊഴിലാളികളുടെ ആവശ്യങ്ങൾക്കു വേണ്ടി പ്രയത്നിക്കും--- ഒപ്പം നമുക്കുവേണ്ടിയും.

Article 2

ഇന്ത്യ: ആഫ്രിക്കൻ വിദ്യാർത്ഥികൾക്ക് എതിരെ നടക്കുന്ന വംശീയ അക്രമണത്തിനെതിരെ വംശീയ വിരുദ്ധ പ്രക്ഷോഭം.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തെക്കേ ഏഷ്യയിലാകമാനം വളർന്നു കൊണ്ടിരിക്കുന്നു

ജൂലൈ- 20 --- കഴിഞ്ഞ ജൂലൈ 15 നു ഇന്ത്യയിലെ റൂർക്കേല ഇൻസ്റ്റിറ്റ്യൂട്ട് ഓ ടെക്നോളജിയിൽ രണ്ടു ആഫ്രിക്കൻ വിദ്യാർത്ഥികൾ വളരെ ക്രൂരമായും സംഘടിതമായും ആക്രമിക്കപ്പെട്ടു. വിദ്യാർത്ഥികൾ ഭക്ഷണം കഴിക്കുവാൻ രാത്രി പുറത്തു പോയതിനു ശേഷമായിരുന്നു ഈ ആക്രമണം. അക്രമികളിൽ രണ്ടുപേർ യൂണിവേഴ്സിറ്റിയിലെ ഉയർന്ന പദവിയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരായിരുന്നു. സംഘത്തിലെ പതിനാലോളം വരുന്ന മറ്റുള്ളവർ സെക്യൂരിറ്റി ജീവനക്കാർ ആണെന്ന് കാഴ്ച്ചയിൽ തോന്നിപ്പിക്കും വിധം ആയിരുന്നു. തുടർച്ചയായി രണ്ടു മണിക്കൂർ ഈ വിദ്യാർത്ഥികളെ അക്രമിസംഘം മർദിച്ചു അവശരാക്കുകയാണ് ഉണ്ടായതു.

വളരെ പെട്ടന്ന് തന്നെ നൂറോളം വരുന്ന വിദ്യാർത്ഥികൾ ഈ വംശീയ ആക്രമണം നടന്നത് അറിഞ്ഞു അവരുടെ ആഫ്രിക്കൻ സഹോദരങ്ങളെ രക്ഷിക്കുവാനായി സംഭവ സ്ഥലത്തു എത്തിച്ചേരുകയും അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. പിനീട് ഇരുപതു വലിയ നഗരങ്ങളിൽ ആയിരങ്ങൾ ഈ വംശീയ ആക്രമണത്തിനെതിരെ വലിയ പ്രക്ഷോഭം നടത്തുകയും അക്രമികൾക്ക് എത്രയും പെട്ടന്ന് അർഹിക്കുന്ന ശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ടു. #ബ്ലാക്ക് ലൈവ്സ് മാറ്റർ എന്ന ഹാഷ്ടാഗ് ഈ സമരങ്ങളിൽ ഉപയോഗിച്ചതിൽകൂടി അവർക്കു ആഗോള തലത്തിൽ നടക്കുന്ന വംശീയ വിരുദ്ധ പോരാട്ടങ്ങളുമായി ഈ പ്രക്ഷോഭങ്ങളെ ബന്ധിപ്പിക്കുവാൻ സാധിച്ചു.

ഇന്ററർനാഷണൽ കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടി (ഐ സി ഡബ്ള്യൂ പി) യിലെ വളരെ ആവേശ ഭരിതരായ ചില അംഗങ്ങൾ ഡൽഹിയിൽ നടന്ന പ്രകടനങ്ങളിൽ ചേർന്നു. അവർ ഈ പ്രക്ഷോഭത്തെ ഫാസിസ്റ്റു കൊലപാതകങ്ങൾക്കെതിരെ ഉള്ള പ്രതികാരം എന്ന് വിളിച്ചു.ഒരു സഖാവ് ഇങ്ങനെ റിപ്പോർട്ട് ചെയ്തിരിക്കുന്നു "ഞങ്ങളുടേത് ഒരു ചെറിയ സംഘമായിരുന്നു പക്ഷെ വളരെ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടാണ് ഞങ്ങൾ പ്രകടനം ആരംഭിച്ചത്. പിന്നീട് നൂറിൽപരം ആൾക്കാർ ഞങ്ങളുടെയൊപ്പം പ്രക്ഷോഭത്തിൽ ചേരുകയാണ് ഉണ്ടായത്". ഡൽഹിയിൽ നിന്നും ഞങ്ങൾക്ക് ലഭിച്ച അനുഭവത്തിൽ നിന്നും ഒരു പ്രധാന കാര്യം പഠിക്കുവാൻ സാധിച്ചത് നമ്മുടെ എല്ലാ പ്രയത്നങ്ങൾക്കും മുന്നോട്ടുള്ള പരിഹാരം കമ്മ്യൂണിസം ആണ് എന്നതാണ്.

നമ്മുടെ ലക്ഷ്യം മുതലാളിത്ത വ്യവസ്ഥയിൽ നിന്നും രക്ഷപ്പെടുക എന്നുള്ളതാണ്, ഭരണ കക്ഷിയായ ബി ജെ പി യിൽ നിന്നും മാത്രമല്ല. ഇന്ത്യയുടെ തൊഴിലില്ലായ്മ യഥാർത്ഥത്തിൽ 34 % ആണ്. കോവിഡ് കാലമായതിനാൽ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ഇല്ല, വസ്ത്ര വ്യവസായം തകർന്നിരിക്കുകയാണ്. 54 % വസ്ത്ര വ്യവസായ തൊഴിലാളികൾക്ക് ജോലിയില്ലാത്ത അവസ്ഥയാണ് നിലവിൽ ഉള്ളത്.സമാന അവസ്ഥയാണ് വാഹന വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ഉള്ളത്, ഇവിടെ 24 % തൊഴിൽ രഹിതരാണ് ഇപ്പോൾ നിലവിലുള്ളത്.

അതേസമയം , ഇന്ത്യയുടേയും ചൈനയുടെയും 300 കിലോമീറ്ററോളം വരുന്ന അതിർത്തി പ്രദേശങ്ങളിൽ യുദ്ധം കൊടുമ്പിരി കൊള്ളുകയും സ്ഥിതി വഷളായിക്കൊണ്ടിരിക്കുകയുമാണ്.കാശ്മീരിൽ വേറൊരു യുദ്ധം നിയന്ത്രണത്തിൽ നിന്നും പുറത്തു കടക്കുന്ന അവസ്ഥയിലാണ്,ഒൻപതു ലക്ഷത്തിലധികം വരുന്ന സൈന്യത്തെയാണ് ഇവിടെ നിയമിച്ചിരിക്കുന്നത്,വടക്കു ഇരുപതു ലക്ഷത്തിലധികവും. തെക്കു കിഴക്കൻ

ഏഷ്യയിൽ, ചൈന ഇന്ത്യയുടെ വളർന്നുവരുന്ന നാവികസേനയെ ഉൾക്കൊള്ളുവാൻ വീണ്ടും ശ്രമിച്ചു കൊണ്ടിരിക്കുന്നു.

ഈ പ്രതിസന്ധികൾക്കിടയിൽ, നമ്മുടെ ചെറിയ സംഘടനയ്ക്ക് ഒരു പ്രധാന ശക്തിയായി മാറുവാൻ കഴിയും. ഇന്ത്യ, പാകിസ്ഥാൻ, അഫ്ഘാനിസ്ഥാൻ എന്നെ രാജ്യങ്ങളിൽ നിന്നും കൂടുതൽ സഖാക്കളും സുഹൃത്തുക്കളും ഇന്റർനാഷണൽ കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടിയിൽ ചേർന്നിട്ടുണ്ട്. സഖാക്കൾ സംഘടനയുടെ പ്രധാനപ്പെട്ട എഴുത്തുകൾ പഷ്തോ, ദാരി, സിന്ധി, കന്നഡ മുതലായ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നുമുണ്ട്. ഇവയും മറ്റു രേഖകളും തമിഴ്, തെലുഗു, ഹിന്ദി (ഈ മൂന്നു ഭാഷകളും ലോകത്തിൽ ഏറ്റവും കൂടുതൽ വ്യാപകമായി സംസാരിക്കുന്ന ഭാഷകളാണ്) തുടങ്ങി ഇരുപതു ഭാഷകളിലേക്ക് മാറ്റുകയാണ്. ഇത് 700 മില്യണിലധികം വരുന്ന ജനങ്ങളെ എങ്ങനെ വംശീയ മുതലാളിത്ത ആദർശങ്ങളെ കമ്മ്യൂണിസ്റ്റ് വിപ്ലവത്തിലൂടെ തകർക്കാം എന്ന് പഠിപ്പിക്കുവാൻ സാധ്യത ഒരുക്കുന്നു.

അഫ്ഘാനിസ്ഥാനിലെ ദാരി മേഖലയിൽ നിന്നുമുള്ള ഒരു തൊഴിലാളി വളരെ അഭിമാനത്തോടെ പറഞ്ഞത് ഇങ്ങനെയാണ്,"ഞങ്ങളുടെ ലക്ഷ്യം ഇപ്പോഴും ഒന്ന് തന്നെയാണ്. തെക്കേ ഏഷ്യയിലെ തമിഴ് മേഖലയിലുള്ള ഞങ്ങളുടെ തൊഴിലാളി വർഗ്ഗ സഹോദരങ്ങളെപ്പോലെ ഞങ്ങൾക്കും വേണ്ടത് കമ്മൂണിസം ആണ്. തമിഴ് തൊഴിലാളികളും സമാന വികാരം പേറുന്നവരാണ്. ഇപ്പോൾ ആവശ്യം കമ്മ്യൂണിസ്റ്റ് വിപ്ലവമാണ്"! സൗത്ത് ഏഷ്യയിലെ ഡസൻ കണക്കിന് വരുന്ന തൊഴിലാളി സഖാക്കൾ നമ്മുടെ സംഘടനയെ മികവുറ്റതാക്കുന്നു-- വിപ്ലവ ശുഭാപ്തി വിശ്വാസത്തിലൂടെ.

ഈ പകർച്ചവ്യാധിക്കാലത്തും, വ്യവസായ ഉടമകൾ ലാഭത്തിനു വേണ്ടി തൊഴിലാളികളുടെ മേൽ നിഷ്കരുണം നടത്തുന്ന അക്രമണത്തിനെതിരെയുള്ള പോരാട്ടത്തിൽ തൊഴിലാളി വർഗ്ഗം ഒന്നിച്ചുനിന്ന് പോരാടേണ്ടതുണ്ട്. ലാഭത്തിനായുള്ള യുദ്ധത്തിലും ഒടുവിൽ മഹായുദ്ധത്തിലും. ഇന്ത്യ, അഫ്ഘാനിസ്ഥാൻ, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗ കുടുംബങ്ങൾ ഈ ഭൂമിയിൽ മേലധികാരികളാരും അവശേഷിക്കാത്തതുവരെ വളരാനുള്ള കഴിവ് നമ്മളിലേക്ക് കൊണ്ട് വരുന്നു.

Article 3

## കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന് മാത്രമേ വംശീയ മുതലാളിത്ത പൊലീസിങ് ഇല്ലാതാക്കുവാൻ കഴിയൂ

സീറ്റെൽ (യു എസ്)--- "നിങ്ങൾ നോക്കു, സ്വയം പരിപാലിക്കാൻ ഞങ്ങൾ തികച്ചും പ്രാപ്തരാണ്". അയ്യായിരം പ്രകടനക്കാരെ സ്കാൻ ചെയ്ത ഒരു ബോയിങ് സഖാവ് പറഞ്ഞു. വിവിധ വംശജർ പങ്കെടുത്ത ഈ വംശീയ വിരുദ്ധ റാലിയും

മാർച്ചും യാതൊരു തടസ്സവും കൂടാതെ റെയ്നർ താഴ്വരയിൽ നടന്നു. മേലധികാരികളുടെ മാധ്യമങ്ങൾ ഈ പ്രദേശത്തെ വിളിക്കുന്നത് നഗരത്തിലെ ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന ഇടം എന്നാണ്. പക്ഷെ ഇവിടെ ട്രാഫിക് നിയന്ത്രണം മുതൽ കുടിവെള്ളവും, വലിയ തോതിലുള്ള മാസ്ക് വിതരണവും ജനക്കൂട്ടങ്ങൾ ഉറപ്പു നൽകിയിരുന്നു. വംശീയ വാദി പോലീസിനെ ഇവിടെ കാണാൻ കാണാൻ കഴിഞ്ഞിരുന്നില്ല.

കമ്മ്യൂണിസത്തിലെ ദൈനംദിന സാമൂഹിക യാഥാർഥ്യമാകാൻ കഴിയുന്ന ലളിതമായ ഒരു സത്യമാണ്  ഞങ്ങളുടെ ബോയിങ് സഖാവ് പറഞ്ഞത്. കമ്മ്യൂണിസത്തിൽ പോലീസ് സേനയുടെ ആവശ്യം അപ്രത്യക്ഷമാകും. എല്ലാ സമൂഹങ്ങൾക്കും എന്താണ് നല്ലതു എന്ന് ഉറപ്പു വരുത്തുവാൻ വേണ്ടി അണിനിരന്ന ജനക്കൂട്ടത്തെയും  ആവശ്യമുള്ള സാഹചര്യങ്ങളിൽ ചുവന്ന സേനയെ ഉൾപ്പെടെ പാർട്ടി നയിക്കും.

ജോർജ് ഫ്ലോയിഡിന്റെ വംശീയ കൊലപാതകത്തിൽ പ്രതിഷേധിച്ചു ലക്ഷകണക്കിന് ജനങ്ങൾ  തെരുവിലിറങ്ങുകയുണ്ടായി. പോലീസിന് സാമ്പത്തിക പിന്തുണ നൽകുന്നത് നിർത്തലാക്കുക, ഐ സി ഇ ഇല്ലാതാക്കുക, ലോകമെമ്പാടുമുള്ള പോലീസ് പ്രതിഫലനം ഇല്ലാതാക്കുക എന്നതായിരുന്നു ഈ പ്രക്ഷോഭങ്ങളുടെ ആവശ്യം. വിവിധ യൂണിയനുകളും ആഗോള തലത്തിൽ പ്രവർത്തിക്കുന്ന ഗവണ്മെന്റ് ഇതര സംഘടനകളും( എൻ ജി ഒ കൾ) ഈ ആഹ്വാനം ഏറ്റടുക്കുകയും ചെയ്തു. ചില പ്രകടനക്കാർ മുതലാളിത്തത്തെ കുറ്റപ്പെടുത്തുകയും "സാധാരണക്കാർക്ക് കൂട്ടായ പരിചരണം" എന്ന അവ്യക്തമായ രീതിയിലുള്ള ആഹ്വാനങ്ങളും നടത്തുകയുണ്ടായി.

നിർഭാഗ്യവശാൽ, ഈ പരിഷ്കരണ ആവശ്യങ്ങൾ മുതലാളിത്തത്തിന്റെ ആയുസ്സ് അനുവദിക്കുകയോ നീട്ടുകയോ ചെയ്യുന്നു. അവർ മുൻപ് ഇതിനുവേണ്ടി ശ്രമിക്കുകയും പരാജയപ്പെടുകയും ചെയ്തിട്ടുമുണ്ട്. കറുത്ത വംശജരായ തൊഴിലാളികൾക്കും ലാറ്റിൻ തൊഴിലാളികൾക്കും എതിരെ വർധിച്ചു വരുന്ന കൊലപാതകങ്ങളിൽ ഗുരുതരമായ തെളിവുകൾ ഇതിനുണ്ട്.

വംശീയ പൊലീസിങ് യുണൈറ്റഡ് സ്റ്റാറ്റസിൽ  മാത്രമുള്ള ഒരു പ്രതിഭാസമല്ല, ഈ ഭീകരതയെ കയറ്റുമതി ചെയ്യുവാൻ യു എസ് ഭരണവർഗ്ഗം അതിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ടെങ്കിൽ പോലും എല്ലാ മുതലാളിത്ത രാജ്യങ്ങളും ഇതിനെ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നു.

മുതലാളിത്തത്തിന് പോലീസിനെ ആവശ്യമാണ്. തൊഴിലാളികളെ ചൂഷണം ചെയ്യുവാനുള്ള അവരുടെ തുടർച്ചയായ കഴിവ് ഉറപ്പു വരുത്തുന്നതിനായി മുതലാളിമാർ പോലീസിംഗ് കണ്ടുപിടിക്കുകയും ചെയ്തു, വാസ്തവത്തിൽ മുഴുവൻ നിയമ സിദ്ധാന്തവും. ഈ ചൂഷണം ഉറപ്പു വരുത്തുന്നതിൽ വംശീയത ഒരു പ്രധാന രാഷ്ട്രീയ സാമ്പത്തിക പങ്ക് വഹിക്കുന്നുണ്ട്. വർഗ്ഗീയത തൊഴിലാളി

വർഗ്ഗത്തെ വിഭജിച്ചു വൻ തോതിൽ അവരെ ചൂഷണം ചെയ്ത് ട്രില്യൺ കണക്കിന് കഭം കൊയ്യുകയാണ് ചെയ്യുന്നത്. തൊഴിലാളികളെ ഭയപെടുത്തുവാൻ പോലീസ് സായുധ ശക്തി നൽകുന്നുണ്ട്. മേലധികാരികളുടെ നിയന്ത്രണത്തിലുള്ള സംവിധാനത്തിന് അതിജീവിക്കുവാൻ വംശീയ പോലീസ് ക്രൂരതകൾ തുടർന്ന് കൊണ്ടുപ്പോകേണ്ടത് അവർക്കു ആവശ്യമാണ്.

എല്ലാ വർഷവും മുതലാളിത്ത പോലീസ് ശക്തികൾ കൂടുതൽ വംശീയവും സൈനികവൽക്കരിക്കപ്പെട്ടതും ക്രൂരവും മാരകവുമായി വളർന്നു കൊണ്ടിരിക്കുന്നു. അമേരിക്കയിൽ അവർ "അപകടകരമായ വർഗ്ഗത്തെ " നിയന്ത്രിക്കുക എന്ന ബൂർഷ്വാ ആവശ്യകത നടപ്പിലാക്കിയ അടിമ പട്രോളിങ് ലൂടെയും സാമ്രാജ്യത്ത സൈനിക കശാപ്പു നടത്തിക്കൊണ്ടുമാണ് ഉയർന്നു വന്നത്. "അപകടകരമായ വർഗ്ഗം " എന്നത് തൊഴിലാളി വർഗ്ഗത്തെ സൂചിപ്പിക്കുവാൻ അവർ ഉപയോഗിച്ച കോഡ് ആയിരുന്നു, പ്രത്യേകിച്ചും കൊടും വംശീയ ചൂഷണത്തിന് വിധേയരാകുന്നവരെയാണ് ഇങ്ങനെ വിളിച്ചിരുന്നത്. വംശീയ പോലീസുകാർ മുതലാളിത്തത്തിന്റെ ഡി എൻ എയിൽ കോഡ് ചെയ്യപ്പെട്ടവരായിരുന്നു. (പേജ്. 6 കാണുക.)

ന്യൂ ജേഴ്സിയിലുള്ള ക്യാംപ്ടെൻ നഗരം പലപ്പോഴും പോലീസിനെ നിർത്തലാക്കുന്നതിനുള്ള ഒരു മാതൃകയായി പലപ്പോഴും പരാമർശിക്കപ്പെടാറുണ്ട്. ഏഴു വർഷം മുൻപ്, 90 ശതമാനം കറുത്ത വംശജരും ലാറ്റിൻ വംശജരും ആയ നിവാസികൾ ഉള്ള ഈ വ്യവസായ നഗരം പോലീസ് സേനയെ പിരിച്ചു വിട്ടു. സൗമ്യമായതും ദയയുള്ളതുമായ ഒരു പുതിയ പോലീസ് സേനയെ പരസ്യപ്പെടുത്തുകയും അതിന്റെ സ്ഥാനത്തു പ്രത്യക്ഷപ്പെടുകയും ചെയ്തു.

ഇത് ഒരു മരീചികയായി മാറി (യാഥാർഥ്യമാണെന്നു വിശ്വസിക്കാൻ കഴിയാത്തതു). ഇങ്ങനെ റീബ്രാൻഡ് ചെയ്യപ്പെട്ട പോലീസ് ആ നഗരത്തിലെ പല നിവാസികളെയും ആകർഷിച്ചിരുന്നില്ല.ഉദാഹരണത്തിന്, "പോലീസ് സേനയിൽ വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ല" എന്ന് ദീർഘ കാലമായി അവിടെ താമസിക്കുന്ന ഷറിം അനായാ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. എഡ്വിൻ, കത്രീന റാമോസ് എന്നിവർ പറഞ്ഞത് പോലീസുകാർ ക്യാംഡനെ "ഒരു യുദ്ധ മേഖലയായിട്ടാണ്" കണക്കാക്കുന്നത് എന്നാണ്.

എന്നാൽ ബോയിങ് തൊഴിലാളിയായ ഒരു യുവാവ് സംശയാസ്പദമായി ചോദിച്ച ചോദ്യം "പക്ഷെ, കമ്മ്യൂണിസം യഥാർത്ഥത്തിൽ വർഗ്ഗീയതയിൽ നിന്ന് മുക്തമാകുമോ?" എന്നതായിരുന്നു.

അതെ! മുതലാളിത്തത്തിന് കടക വിരുദ്ധമായി , കമ്മ്യൂണിസം നമ്മുടെ കൂട്ടായ ആവശ്യങ്ങൾക്കായി കൂട്ടായ ഉത്പാദനത്തെ ആശ്രയിക്കുന്നു. തൊഴിലാളി വർഗ്ഗത്തെ ഭിന്നിപ്പിച്ചു കൊടും വംശീയ ചൂഷണത്തിലൂടെ വൻ ലാഭം

നേടാനുള്ള മുതലാളിത്ത ലക്ഷ്യം അവസാനിക്കും.അതോടൊപ്പം വംശീയ പൊലീസിംഗിന്റെ ആവശ്യകതയും.

ഈ ക്രൂര കൃത്യങ്ങളുടെ ആവശ്യകത അവസാനിപ്പിക്കുക എന്നുള്ളതാണ് ആദ്യ പടി. നമ്മെ ചൂഷണം ചെയ്യുവാനും ഭയപ്പെടുത്തുവാനും, ഭിന്നിപ്പിക്കുവാനുമുള്ള മുതലാളിത്തത്തിന്റെ ആവശ്യകതയെ ആശ്രയിക്കാതെ അന്താരാഷ്ട്ര കമ്മ്യൂണിസ്റ്റ് തൊഴിലാളി പാർട്ടി വർഗീയതയെ ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള ബഹുജന പ്രചാരണങ്ങൾ സംഘടിപ്പിക്കും. ഈ വലിയ ദൗത്യത്തിന് ഒരു ബഹുജന അന്താരാഷ്ട്ര പാർട്ടിയുടെ നേതൃത്വം ആവശ്യമാണ്. ഈ അവസരത്തിൽ ഞങ്ങളോടൊപ്പം ചേരുവാൻ നിങ്ങളുടെ ക്ഷണിക്കുന്നു!

കമ്മ്യൂണിസ്റ്റ് വിപ്ലവം പോലീസ് ഉൾപ്പെടെയുള്ള മുതലാളിത്ത ഭരണകൂടത്തിന്റെ എല്ലാ വശങ്ങളെയും നശിപ്പിക്കും. മുതലാളിത്തത്തിന്റെ കീഴിൽ കൂടുതൽ നീതിപൂർവകമായ ഭാവിക്കായി അവ്യക്തമായ ആഹ്വാനങ്ങൾ ഒന്നും തന്നെയില്ല. ഞങ്ങൾക്ക് സ്വയം പരിപാലിക്കുവാൻ കഴിയുമെന്ന ലളിതമായ സത്യം യാഥാർഥ്യമാക്കുവാൻ ഞങ്ങളെ സഹായിക്കുക.

Article 4

എൽ സാൽവഡോർ:

മുൻ ഗറില്ലാ പോരാളികൾ തങ്ങൾ എങ്ങനെയാണ് സുരക്ഷ സംഘടിപ്പിച്ചതെന്ന് പറയുന്നു.

മുൻ ഗറില്ലാ പോരാളികളുമായി ആഭ്യന്തര യുദ്ധത്തിൽ (1979-1992) അവർ മോചിപ്പിച്ച പ്രദേശങ്ങളിൽ അവർ എങ്ങനെ സുരക്ഷ സംഘടിപ്പിച്ചു എന്നതിനെക്കുറിച്ച് നടത്തിയ ചർച്ചകളിൽ നിന്നുള്ള ഒരു ചെറിയ ഭാഗമാണ് ഈ റിപ്പോർട്ട്.അമേരിക്കൻ പിന്തുണയുള്ള ഫാസിസ്റ്റ് ഗവൺമെന്റിന്റെ സൈന്യത്തിനും ഡെത്ത് സ്‌ക്വാഡുകൾക്കും എതിരെ ഗ്രാമീണ-നഗര പ്രദേശങ്ങളിലെ തൊഴിലാളികൾ യുദ്ധം ചെയ്തു.കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ജനങ്ങൾ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും നയിച്ചുകൊണ്ട് , പോലീസില്ലാതെ, കമ്മ്യൂണിസ്റ്റ് സമൂഹം സുരക്ഷയെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന് കാണിക്കാൻ അവരുടെ അനുഭവങ്ങൾ സഹായിക്കുന്നു.

എഫ് എം എൽ എൻ മുൻ അംഗങ്ങളായിരുന്ന രണ്ടുപേരെ റെഡ് ഫ്ലാഗ് ഇന്റർവ്യൂ ചെയ്യുകയുണ്ടായി. അതിൽ ഒരാൾ ഇപ്പോൾ റെഡ് ഫ്ലാഗ് വായിക്കുന്നയാളും മറ്റൊരാൾ അന്തരാഷ്ട്ര കമ്മ്യൂണിസ്റ്റ് തൊഴിലാളി പാർട്ടിയിൽ അംഗവുമാണ്.ഒരു വിപ്ലവ പ്രക്രിയയ്ക്കുള്ളിൽ മോശം മനോഭാവങ്ങളെ എങ്ങനെ നേരിടാമെന്ന് അവർക്കും മറ്റ് സഖാക്കൾക്കും കുറച്ച് അറിവുണ്ട്.

ഞങ്ങൾ അവരോടു ചോദിച്ചു: "സായുധ പോരാട്ടത്തിനിടയിൽ എങ്ങനെയാണ് സുരക്ഷയും അച്ചടക്കവും മുന്നണികളിൽ നിലനിർത്തിയിരുന്നത്? മോശം പെരുമാറ്റം, മോഷണം, വിശ്വാസവഞ്ചന എന്നിവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എങ്ങനെ പരിഹരിച്ചു?"

" അക്കാലത്ത് ഞങ്ങൾ വിളിച്ചതുപോലെ വിമർശനവും സ്വയം വിമർശനവും, ജനാധിപത്യ കേന്ദ്രീകരണവും, വിമോചിത പ്രദേശങ്ങളിൽ സംഭവിച്ച വിവേചനരഹിതമായ ചില പ്രശ്നങ്ങളെ മറികടക്കാൻ ഞങ്ങളെ സഹായിച്ചു" ഒരു മുൻ എഫ്എംഎൽ പോരാളി മറുപടി നൽകി. 1970 കളുടെ തുടക്കത്തിൽ അദ്ദേഹത്തിന്റെ കുടുംബം മുഴുവൻ മൊറാസാന്റെ വടക്കൻ ഭാഗത്തുള്ള ഒരു ബറ്റാലിയനിലായിരുന്നു.

അദ്ദേഹത്തിന്റെ കഥ തുടർന്നു: "ചില സഖാക്കളുമായി ഞങ്ങൾക്ക് ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു, ഞങ്ങൾ ദേശീയപാതയ്ക്ക് സമീപം നടക്കുമ്പോൾ കാറുകൾ നിർത്തി അവർ പണം ആവശ്യപ്പെട്ടു,നേതൃത്വത്തിന്റെ അംഗീകാരമോ നിർദ്ദേശങ്ങളോ ഇല്ലാതെ. ഞങ്ങളുടെ പക്കൽ പണമില്ലാത്തതിനാൽ ഞങ്ങൾ ഇത് വേഗത്തിൽ കണ്ടെത്തി.അതിനാൽ ഞങ്ങൾ കടന്നുപോകുന്ന എവിടെയെങ്കിലും ആരെങ്കിലും എന്തെങ്കിലും വാങ്ങാൻ തുടങ്ങിയാൽ, ഞങ്ങൾ അത്തരത്തിലുള്ള പ്രവർത്തികൾ പെട്ടന്ന് തന്നെ അവസാനിപ്പിക്കുവാൻ മുൻകൈ എടുത്തിരുന്നു”.

ഇതിനകം നിരവധി തവണ ഈ പ്രവർത്തി ചെയ്തിരുന്ന ഒരാൾ ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നു.ഞങ്ങൾ പഠിക്കാനും പഠിപ്പിക്കാനും ശ്രമിക്കുന്ന വിപ്ലവകരമായ പങ്കിനെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നില്ല.ശിക്ഷയെന്ന നിലയിൽ, രാഷ്ട്രീയ നേതൃത്വം അദ്ദേഹത്തിന്റെ റൈഫിൾ കണ്ടുകെട്ടുകയും, ഭക്ഷണ റേഷൻ കുറയ്ക്കുകയും ചെയ്തു പിന്നീട് അദ്ദേഹം ഞങ്ങളോടൊപ്പം നടക്കുകയും ചെയ്തു, എന്നാൽ ആയുധമില്ലാതെ പോകുന്നതിനാൽ അദ്ദേഹം കൂടുതൽ തുറന്നു കാട്ടുകയാണ് ഉണ്ടായത്.

“ഞങ്ങൾക്ക് മിലിട്ടറി പോലീസിനെപ്പോലെ ഒന്നും ഉണ്ടായിരുന്നില്ല. നേതൃത്വം ഞങ്ങളോടൊപ്പം നിന്ന് രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ പോരാട്ടം നടത്തുകയാണ് ഉണ്ടായത്.ഞങ്ങൾ സംഘടിച്ചപ്പോൾ ,അവർ 'ഗറില്ലയുടെ 15 തത്ത്വങ്ങൾ' എന്ന ഒരു പുസ്തകം ഞങ്ങൾക്ക് നൽകി, അത് സമൂഹത്തിലെ പുതിയ വ്യക്തി എങ്ങനെ ആയിരിക്കണമെന്ന് വിശദീകരിക്കുന്നതായിരുന്നു.”

സഖാക്കളിൽ വികസനം ഉണ്ടാക്കുവാൻ പ്രയത്നിക്കുന്നു

എഫ് എൽ എം എന്നിലുണ്ടായിരുന്ന മറ്റൊരംഗം പറഞ്ഞത് ഇങ്ങനെയാണ്."ഞാൻ രണ്ടു സഖാക്കളുടെ വിചാരണയുടെ ഭാഗം ആയിരുന്നു, ഇവർ രണ്ടുപേരും പോരാട്ടങ്ങളിൽ ശ്രദ്ധിക്കപ്പെടുകയും അങ്ങനെ ഞങ്ങളോടൊപ്പം ഗൊറില്ലയിൽ

ചേരുകയും ചെയ്തവരായിരുന്നു. അവർ ബാരക്കുകളിൽ പഠിപ്പിച്ചിരുന്ന മയക്കുമരുന്ന് ഉപയോഗിക്കുന്ന ശീലവും അവർക്കൊപ്പം കൊണ്ടുവന്നു എന്ന് ആരോപിക്കപ്പെട്ടു. ഏഴു സഖാക്കളായിരുന്നു ജൂറി അംഗങ്ങളെപോലെ ഉണ്ടായിരുന്നത്.ഞങ്ങൾ ഒരുപാടു സമയം ഇത് ചർച്ച ചെയ്യുകയും ഇതിനെ കുറിച്ച് വിശദമായി ആലോചിക്കുകയും ചെയ്തു. ഞങ്ങൾ അഞ്ചു പേര് മറ്റു രണ്ടുപേർക്കു എതിരായിരുന്നു. ആ രണ്ടു ജൂറി അംഗങ്ങൾക്കും അവരെ ഈ ആരോപിക്കപ്പെട്ട കുറ്റത്തിന് വധിക്കണമെന്നു ആവശ്യപ്പെട്ടു."

"ഞങ്ങൾ നിരവധി തെറ്റുകൾ വരുത്തിയിട്ടുണ്ട്, ഒരെണ്ണം കൂടി ചെയ്യാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല.ഈ രണ്ട് പ്രതികളുമായി ഞാൻ ഒരുമിച്ച് യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെന്നും മോശമായ മനോഭാവങ്ങളൊന്നും ഞാൻ കണ്ടിട്ടില്ലെന്നും ഞാൻ പറഞ്ഞു. നേരെ മറിച്ചു ഞങ്ങൾ നടത്തിയ ഒരു പോരാട്ടത്തിൽ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരു സഖാവിനു പരിക്കേൽക്കുക ഉണ്ടായി. മുൻപട്ടാളക്കാർ ആയിരുന്ന ഇവർ, സംഭവ സ്ഥലത്തു നിന്നും ഓടി രക്ഷപെടുവാനോ മറഞ്ഞിരിക്കുവാനോ ശ്രമിക്കാതെ പരിക്കേറ്റ സഖാവിനെ തദ്ദേശ വാസികൾ താമസിക്കുന്ന സ്ഥലത്തക്കു കൊണ്ടുപോവുകയും ചികിത്സ നൽകുകയും ചെയ്തു. അങ്ങനെ ആ സഖാവ് രക്ഷപെടുകയുണ്ടായി.

"പട്ടാളത്തിലേക്ക് തിരികെ മടങ്ങുവാൻ അവർ ആഗ്രഹിക്കുന്നത് ഞാൻ കണ്ടിട്ടില്ലായെന്നു മറ്റു ജൂറി അംഗങ്ങളായുള്ള സഖാക്കളോട് ഞാൻ പറഞ്ഞു.യുദ്ധത്തിന് ശേഷം അവർ ഗൊറില്ല നേതാവിന് മുന്നിൽ ഹാജരാവുകയും പരിക്കേറ്റ സഖാവിൽ നിന്നും കണ്ടെടുത്ത റൈഫിൾ അദ്ദേഹത്തിന് കൈ മാറുകയും ചെയ്തിരുന്നു.യുദ്ധാവസാനത്തിൽ അവർ സൈനിക മേധാവികളായിരുന്നു.നാം അവരെ വധിച്ചിട്ടുണ്ടായിരുന്നെങ്കിലോ? കേസുകൾ നന്നായി പഠിക്കണമെന്നും ഞങ്ങൾ ഒരിക്കലും പോലീസിനെപ്പോലെ പ്രവർത്തിക്കരുതെന്നും ഞാൻ എപ്പോഴും കരുതിയിരുന്നു."

*ഇങ്ങനെയുള്ള മറ്റ് പല അനുഭവങ്ങളും കാണിക്കുന്നത് കമ്മ്യൂണിസ്റ്റ് ജനതയ്ക്ക് യാതൊരു മേലധികാരിയോ പോലീസോ ഇല്ലാതെ സമൂഹത്തെ കൂട്ടായി പ്രവർത്തിപ്പിക്കാൻ കഴിയും എന്നതാണ്.കൂട്ടായ്മയെ ശക്തിപ്പെടുത്തുന്ന തരത്തിൽ എല്ലാവരുടെയും പങ്കാളിത്തം ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യും.*

Article 5

പോർട്ട്ലാൻഡ് ജനക്കൂട്ടങ്ങളെ അണിനിരത്തുന്നു: ജനങ്ങളെ ഒന്നിപ്പിക്കാൻ സഹായിക്കുന്ന അടുത്ത ഘട്ടങ്ങൾ

പോർട്ട്‌ലാൻഡ്, ഒറിഗോൺ (അമേരിക്ക), ജൂലൈ 20 ----- പോർട്ട്ലാൻഡിലെയും ഒറിഗോണിലെയും ജനക്കൂട്ടങ്ങൾ ഇവിടെയാണ്. 50 തിലധികം ദിവസങ്ങളായി, പോർട്‌ലാന്ററിലെ തെരുവുകൾ ബ്ലാക്ക് ലൈവ്സ് മാറ്റർ എന്ന സമരത്തിനോടു ഐക്യദാർഢ്യം പ്രഖ്യാപിച്ചും അംമേരിക്കൻ ഐക്യനാടുകളിലെ വംശീയ ഭരണത്തിൽ കൊല്ലപ്പെട്ട സഖാക്കൾക്ക് നീതി ആവശ്യപ്പെട്ടുകൊണ്ടും പോരാടുകയാണ്.

ട്രംപിന്റെ ഏറ്റവും പുതിയ സ്വേച്ഛാധിപത്യ തന്ത്രം,ഫെഡറൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി (ഐ സി ഇ, സി ബി പി, മുതലായവ) ഏജന്റുമാരെ നഗരത്തിൽ നിരന്തരമായി ദിവസവും നടക്കുന്ന പ്രകടനങ്ങളെ "ശമിപ്പിക്കാൻ" അയയ്ക്കുക എന്നതാണ്. ഇത് പോർട്ട്‌ലാൻഡിനെ ദേശീയ ശ്രദ്ധയിൽപ്പെടുത്തി.ജൂലൈ 2-ന് എത്തിയപ്പോൾ, പ്രതിഷേധക്കാരെ തെരുവിൽ നിന്ന് നീക്കം ചെയ്തു തടഞ്ഞുവയ്ക്കാൻ (തട്ടിക്കൊണ്ടുപോകാൻ) അടയാളപ്പെടുത്താത്ത വാടക കാറുകൾ ഉപയോഗിച്ചുകൊണ്ട് ഫെഡ്രലുകൾ കൾ ഇതിനകം തന്നെ കടുത്ത പ്രതിസന്ധി വർദ്ധിപ്പിച്ചു, അതേസമയം യുഎസ് മാർഷൽ ഒരു പ്രതിഷേധക്കാരനെ അയാളുടെ തലയോട്ടിയിലേക്കു വെടിവച്ചു ഗുരുതരമായി പരിക്കേൽപ്പിച്ചു.

നമ്മുടെ സ്വദേശികളായ സഖാക്കളുടെ പരമ്പരാഗത പ്രദേശമായ ചിനൂക് ഭൂമിയിൽ ട്രംപിന്റെ ഫാസിസ്റ്റ് അജണ്ട നടപ്പാക്കുന്നതിന് വേണ്ടി ഫെഡറൽ ഏജന്റുമാർ പോർട്ട്‌ലാൻഡിലേക്ക് ഇറങ്ങിയതിനു മുൻപ്, ഞങ്ങളുടെ പ്രസ്ഥാനത്തെ തകർക്കാനും അവരുടെ മുതലാളിത്ത താൽപ്പര്യങ്ങൾ സംരക്ഷിക്കാനും പോർട്ട്‌ലാൻഡ് പോലീസ് ബ്യൂറോ തീരുമാനിച്ചിരുന്നു എന്നത് മറക്കാൻ പാടില്ല. കോവിഡ് എന്ന പകർച്ചവ്യാധി വർധിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്തുപോലും പൗരന്മാർക്കെതിരെ പോർട്‌ലാൻഡ് പോലീസ് ബ്യൂറോ എണ്ണമറ്റ രീതിയിലുള്ള ക്രൂരമായ പോലീസ് മുറകളാണ് പ്രയോഗിച്ചത്, പ്രത്യേകിച്ചും കണ്ണീർ വാതകം, ശ്വാസതടസ്സം ഉണ്ടാക്കുന്ന പുകപ്രയോഗം എന്നിവയുടെ വ്യാപകമായ ഉപയോഗം പ്രകടനക്കാരെ ഭയപ്പെടുത്തി ഓടിക്കുവാൻ ഉപയോഗിക്കുകയുണ്ടായി.

ഞങ്ങൾ എങ്ങനെ ഇവിടെ എത്തിച്ചേർന്നു:

ജോർജ്ജ് ഫ്ലോയ്ഡ് പ്രതിഷേധത്തെ തുടർന്ന്, മെയ് അവസാനത്തോടെ വൈവിധ്യങ്ങളായ ആശയങ്ങളും തന്ത്രങ്ങളും ഉൾക്കൊള്ളുന്ന പ്രകടനങ്ങൾ ആരംഭിച്ചു: നേരിട്ടുള്ള പ്രവർത്തന പ്രകടനങ്ങൾ, സാമ്പത്തിക തടസ്സങ്ങൾ, അഹിംസാത്മക മാർച്ചുകൾ, കമ്മ്യൂണിറ്റിയുടെ രോഗശാന്തിക്കും ചർച്ചയ്ക്കും ഇടങ്ങൾ കൈവശം വയ്ക്കുന്നതിന് കമ്മ്യൂണിറ്റി അംഗങ്ങൾക്ക് വേണ്ട ജാഗ്രത സംഘടിപ്പിക്കുക, വിദ്യാഭ്യാസ പരിപാടികൾ , പ്രതിഷേധ പരിശീലനം, പരസ്പര സഹായ കൂട്ടായ്മകൾ ഉണ്ടാക്കുക എന്നിവയായിരുന്നു അവ.

കമ്മ്യൂണിറ്റി പിന്തുണയുടെ ഈ മുന്നണി വ്യത്യസ്ത രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ നിരവധി സഖ്യങ്ങളെ പ്രതിനിധീകരിക്കുന്നു.ഭൂരിഭാഗം പേരും കമ്മ്യൂണിസ്റ്റാണെന്ന് സ്വയം തിരിച്ചറിയുന്നില്ലെങ്കിലും, കമ്മ്യൂണിസത്തിന്റെയും നമ്മുടെ ചുവന്ന പതാക വായനക്കാരുടെയും അതേ

ലക്ഷ്യങ്ങൾ തന്നെയാണ് അവരും പങ്കുവയ്ക്കുന്നത്: വംശീയതയ്ക്കെതിരെ പോരാടുക, എല്ലാവർക്കും ആരോഗ്യ സംരക്ഷണം, പോലീസിനെ ഇല്ലാതാക്കുക എന്നിവയാണ് ഈ പ്രധാന ലക്ഷ്യങ്ങൾ.നിലവിലെ രാഷ്ട്രീയ പാർട്ടികളിൽ പ്രതീക്ഷ നഷ്ടപ്പെട്ട് മടുത്ത ആയിരക്കണക്കിന് പുതിയ മുഖങ്ങൾ പ്രതിഷേധിച്ചുകൊണ്ട് പോർട്ലണ്ടിനെ പുനരുജ്ജീവിപ്പിക്കുന്ന തരംഗം ഉണ്ടാക്കികൊണ്ടുള്ള പിന്തുണയാണ് നൽകുന്നത്, മാറ്റം ആവശ്യപ്പെടുന്ന ആളുകൾക്ക് ആഗോള കമ്യൂണിസത്തിനായി ഹൃദയങ്ങളും മനസ്സുകളും നേടിയെടുക്കുന്നതിൽ ഇത് ഒരു നിർണായക നിമിഷമായി തീർന്നു.പോർട്ട് ലാൻഡിലെ ആളുകളെയും നിങ്ങളുടെ സ്വന്തം കമ്മ്യൂണിറ്റിയിലെയും ആളുകളെ ഏകീകരിക്കാൻ സഹായിക്കുന്നതിനുള്ള മാർഗങ്ങളായി ഇനിപ്പറയുന്ന പ്രവർത്തന പദ്ധതികൾ കമ്മ്യൂണിറ്റിയിൽ ചർച്ചചെയ്യപ്പെട്ടു.

കമ്മ്യൂണിറ്റിയുടെ മുൻഗണനകൾ : എപ്പോഴും കറുത്ത വംശജരുടെയും തദ്ദേശ ജന വിഭാഗങ്ങളുടെയും ശബ്ദം ഉയർത്തിക്കൊണ്ടു വരികയും അവർക്കു പറയാനുള്ളത് കേൾക്കുകയും ചെയ്യുക.

പരസ്പര സഹായം: സൗജന്യ ഭക്ഷണം കൂട്ടായി നൽകുന്നതിലൂടെ പരസ്പരം പിന്തുണ നൽകുക. വീടില്ലാത്ത ആളുകൾക്ക് ഭക്ഷണം നൽകാനും തീരെ നിവൃത്തി ഇല്ലാത്ത താഴെക്കിടയിലുള്ള ജന വിഭാഗത്തിന് ഭക്ഷണം നൽകാനും സഹായിക്കുന്ന ഓർഗനൈസേഷനുകളുമായി ചേർന്ന് സഹായിക്കുക, അല്ലെങ്കിൽ സംഭാവന ചെയ്യുക. ഒരിക്കൽ സ്ഥാപിതമായി കഴിഞ്ഞാൽ, ജനങ്ങൾ ഭക്ഷണംതേടുന്ന ഈ കമ്മ്യൂണിറ്റികളും പിന്നീട് സാമൂഹികവൽക്കരണത്തിനുള്ള സ്ഥലങ്ങളായി മാറും. വസ്ത്രങ്ങൾ സംഭാവന ചെയ്യുക, സൗജന്യ പുസ്തക സ്റ്റോർ, ശില്പശാലകൾ നടത്തുക എന്നിങ്ങനെയുള്ള സേവങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്.

പത്രങ്ങൾ: സാധ്യതയുള്ള വായനക്കാരും സഖാക്കളുമായും റെഡ് ഫ്ലാഗ് എഴുതുന്നതും വിതരണം ചെയ്യുന്നതും തുടരുക.പുതിയ വായനക്കാർക്ക് അവരുടെ സവിശേഷമായ ആശയങ്ങളും കഥകളും പങ്കിടാൻ കഴിയും, ഇത് ആളുകൾക്കായി ഒരു മാധ്യമത്തിന്റെ മൂല്യം ഊന്നി പറയുന്നു.

സോഷ്യൽ മീഡിയ നവീകരിക്കുക:നിമിഷങ്ങൾക്കുള്ളിൽ തന്നെ സംഭവങ്ങളും വാർത്തകളും പങ്കിടുകയും പ്രചരിപ്പിക്കുകയും ചെയ്യതിനാൽ പോർട്ട്ലാൻഡ് പ്രതിഷേധം വളരെ വിജയകരമായിരുന്നു.ശക്തമായ വാക്കുകളും ചിത്രങ്ങളുമുള്ള ഇൻഫോഗ്രാഫിക്സ് ജനങ്ങളെ ബോധവത്കരിക്കാൻ സഹായിക്കുന്നതിന് വേണ്ട പ്രധാന മാർഗങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഏതൊരു ഉപയോക്താവിനും അവർ താമസിക്കുന്ന പ്രദേശത്തിന് വേണ്ടിയുള്ള ഒരു ഫ്ലയർ അച്ചടിക്കാൻ ഇൻഫോഗ്രാഫിക്സ് പി ഡി എഫ് ഫയലുകളായി പങ്കിടാൻ കഴിയും. ഒരു ബന്ദേര റോജ! ഒരു ഇൻസ്റ്റാഗ്രാം പേജ് ആണിത് ഒരു പ്രാദേശിക ചാപ്റ്ററിന്റെ പേജ് ആവാനും സാധ്യതുണ്ട്. ഇത് വിശാലമായ പ്രേക്ഷകരുമായി അറിവ് പങ്കിടുന്നതിന് (ഉദാ: ബന്ദേര റോജ LA) ഉപയോഗപ്രദമാകും.

കലകൾ: കല ഏതൊരു വിപ്ലവത്തിന്റെയും നിർബന്ധ ഭാഗമാണ്. പ്രധാനപ്പെട്ട സന്ദേശങ്ങൾ ഫലപ്രദമായി പ്രചരിപ്പിക്കാൻ ആർട്ടിസ്റ്റുകൾ സഹായിക്കുന്നു.

യുവജനങ്ങൾ:യുവജങ്ങളെ ഉൾപെടുത്തേണ്ടത് വളരെ പ്രധാനമാണ്. സമീപകാലത്തെ പ്രതിഷേധം പുനരുജ്ജീവിപ്പിക്കുന്നതിനുമുമ്പ്,പോർട്ട് ലാൻഡിലെ യുവതലമുറ ജനങ്ങളെ തെരുവിലിറക്കി. യുവ സഖാക്കൾക്ക് അവർ അണിനിരക്കാൻ തിരഞ്ഞെടുക്കുന്ന കാര്യങ്ങളിൽ പൂർണ സ്വാതന്ത്ര്യം നൽകുക, ഹൈ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് പ്രതിവാര വെള്ളിയാഴ്ച യുവജന മാർച്ച് എന്നുള്ള ആശയം നടപ്പിലാക്കുവാൻ സഹായിക്കുക. ഇത് നമ്മുടെ ഏറ്റവും പ്രായം കുറഞ്ഞതും, ആവേശ ഭരിതരുമായ അംഗങ്ങളെ പഠിപ്പിക്കുവാനും അവരെ അണിനിരത്താനും സഹായിക്കും.

"നമ്മൾ കറുത്ത ജീവിതങ്ങളെ ഉയർത്തിക്കൊണ്ടു വരികയും അവർക്കു വേണ്ടി പോരാടുകയും ചെയ്യുന്നതിലൂടെ നമ്മൾ എല്ലാവരെയും ഉയർത്തികൊണ്ട് വരികയാണ് ചെയ്യുന്നത്."

റെഡ് ഫ്ലാഗിന്റെ കുറിപ്പ്: ഈ റിപ്പോർട്ടിനായി പോർട്ട്ലാൻഡിലെ ഞങ്ങളുടെ പുതിയ റെഡ് ഫ്ലാഗ് വായനക്കാരുടെ കൂട്ടായ്മയ്ക്ക് ഞങ്ങൾ നന്ദി അറിയിക്കുന്നു. പ്രതികരണങ്ങൾ സ്വാഗതം ചെയ്യുന്നു!

Article 6

പോലീസ് ക്രൂരത: കമ്മ്യൂണിസത്തിനായി നമുക്ക് സംഘടിക്കേണ്ടതുണ്ട്

സൗത്ത് ആഫ്രിക്ക, ജൂലൈ 9----കോവിഡ് 19 പാൻഡെമിക് ലോകത്തെ ബാധിച്ചതുമുതൽ, കുഴപ്പത്തിലായ മനുഷ്യത്വരഹിതമായ മുതലാളിത്ത സമ്പ്രദായം അതിന്റെ യഥാർത്ഥ രൂപം എല്ലാവര്ക്കും കാണുംവിധം നഗ്നമാക്കിയിരിക്കുന്നു. പാൻഡെമിക് ഉയർത്തുന്ന ഭീഷണിയോട് മുതലാളിത്ത വ്യവസ്ഥ പ്രതികരിക്കുന്നതിൽ പരാജയപ്പെടുന്നത് ശരിക്കും പ്രതീക്ഷിച്ച ഫലമാണ്.അമിത ഉൽപാദനത്തിന്റെ ആഴത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലും ലാഭനിരക്കിന്റെ ഗണ്യമായ ഇടിവിലും കുടുങ്ങിപോയ ലോക മുതലാളിത്തത്തിന്റെ പ്രതീക്ഷിത ഫലമാണിത്. അതിന്റെ വഴി ഫാസിസവും യുദ്ധവുമാണ്.

സ്വാർത്ഥ താല്പര്യവും ചൂഷണവും മൂലം നയിക്കപ്പെടുന്ന മുതലാളിത്തം ലോകമെമ്പാടുമുള്ള ദരിദ്രരായ ജനങ്ങളെ ദിനംപ്രതി കൊല്ലുന്നു.

ദക്ഷിണ ആഫ്രിക്കയിൽ ലോക്കഡോൺ തുടങ്ങിയിട്ടു ഇപ്പോൾ മൂന്നു മാസമായി.തൊഴിൽ നഷ്ടം വഴിയും പോലീസും പട്ടാളക്കാരും പൗരന്മാരെ കൊന്നൊടുക്കിയയും മുതലാളിത്ത സേന ജന ജീവിതത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മുതലാളിമാർ അവരുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുവാനും ജനങ്ങളെ ഭീഷണിപ്പെടുത്തി നിയന്ത്രിക്കുവാനും പോലീസ് ക്രൂരത അവരുടെമേൽ ഉപയോഗിച്ചു.

ജോർജ്ജ് ഫ്ലോയിഡിനെ ക്രൂരമായി കൊലപ്പെടുത്തിയതുമുതൽ, ലോകമെമ്പാടുമുള്ള നിരവധി ആളുകൾ പോലീസ് ക്രൂരതയിൽ പ്രതിഷേധിച്ച് തെരുവിലിറങ്ങി. ഈ പ്രസ്ഥാനങ്ങൾ (മുതലാളിത്ത) പോലീസ് ക്രൂരതയുടെ വംശീയ ഘടകങ്ങളിൽ മാത്രം തെറ്റായി അല്ലെങ്കിൽ ബോധപൂർവ്വം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

പോലീസിന്റെ ക്രൂരതയുടെ വംശീയ വശങ്ങൾ കൊടുക്കുന്ന പ്രധാന ഊന്നൽ മുതലാളിത്തത്തിന്റെ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പോലീസിന്റെ ക്രൂരത ഒരു "വംശീയ" പ്രശ്നമല്ല സ്വയം; വംശീയതയും പോലീസ് ക്രൂരതയും ആണ് അധാർമിക മുതലാളിത്ത വ്യവസ്ഥയുടെ ഫലം.മുതലാളിത്തം വംശീയത സൃഷ്ടിക്കുകയും സാമ്രാജ്യത്വത്തിലൂടെ അത് ലോകം മുഴുവൻ വ്യാപിപ്പിക്കുകയും ചെയ്തു.ഇത്ലോകമെമ്പാടുമുള്ള പോലീസ് സേനകളിൽ വംശീയ വാദികളെ സൃഷ്ടിച്ചു.

എല്ലാ രാജ്യങ്ങളിലും പോലീസ് ക്രൂരത കാണപ്പെടുന്നു:ബ്ലാക്ക് പോലീസ് ഇത് കറുത്ത ജനവിഭാഗങ്ങളിൽ അഴിച്ചു വിടുന്നു. ഇന്ത്യൻ പോലീസ് ഇന്ത്യക്കാർക്ക് എതിരെ ഇത് ഉപയോഗിക്കുന്നു.മുതലാളിത്തം പോലീസിനെ ഉപയോഗിക്കുന്നു മുതലാളിത്തം പോലീസിനെ ഉപയോഗിച്ചു അവരുടെ സമ്പത്തു സംരക്ഷിക്കുന്നു അവർ ദരിദ്രരെ കൊല്ലുകയും ഭീഷണിപ്പെടുത്തിയുമാണ് ഇത് ജനങ്ങൾക്കിടയിൽ അടിച്ചേൽപ്പിക്കുന്നത്.

ഈയടുത്ത കാലത്തു ദക്ഷിണാഫ്രിക്കയിൽ ഒരാൾ വളരെ ക്രൂരമായ പോലീസ് മർദ്ദനത്തിന് ഇരയായി. മർദ്ധിച്ചു അവശനാക്കിയതിനു ശേഷം ഇയാളെ നഗ്നനാക്കുകയും ഇയാളുടെ കഴുത്തിൽ മുട്ടുകുത്തി നിലയ്ക്കുകയും ചെയ്തു. ഇവിടെ പോലീസ് ഇത്തരത്തിൽ പ്രവർത്തിച്ചത് കേപ് ടൗണിലെ മേയറുടെ ഉത്തരവ് അനുസരിച്ചായിരുന്നു. മേയർ, മുതലാളി മാരുടെ സ്വകാര്യ ഭൂമിയും/ സ്വത്തും സംരക്ഷിക്കുവാൻ വേണ്ടിയാണു ഇത് ചെയ്തത്.മാത്രവുമല്ല അയാളുടെ വീട് (മാടം) പോലീസ് നശിപ്പിക്കുകയും ചെയ്തു.

കേപ് ടൗണിലെ മുതലാളിമാർക്ക് ജനങ്ങളെ അവർ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്നും കുടിയൊഴിപ്പിക്കണം എന്നാണ്. കാരണം ഇവരുടെ വീട് പണിതിരിക്കുന്ന ഭൂമിയുടെ പണം അടക്കുവാൻ ഇവർക്ക് കഴിയാതെ വന്നതാണ്.ഇങ്ങനെ മുതലാളിത്തം അതിന്റെ ലാഭം നേടാൻ പ്രവർത്തിക്കുന്നതിന്റെ ഫലമായി ധാരാളം തൊഴിലാളി വർഗ്ഗ സഹോദരീ സഹോദരന്മാർ പട്ടിണി കിടക്കേണ്ടി വരികയും, ദരിദ്ര ജനവിഭാഗങ്ങൾ അഭയം നഷ്ടപ്പെട്ട് ഭാവന രഹിതരായി മാറുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാക്കുന്നു. ഇങ്ങനെ അവരുടെ ജീവിതം നശിപ്പിക്കുകയും പോലീസിനെ ഉപയോഗിച്ചു ഈ തൊഴിലാളികളെ ക്രൂരമായി മർദിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുന്നു.

വംശീയതയെയും പോലീസിന്റെ ക്രൂരതകളെയും നേരിടുവാൻ നമുക്കു മുതാളിത്തത്തെ തകർക്കേണ്ടത് ആവശ്യമാണ്.നമുക്ക് വേണ്ടത് കമ്മ്യൂണിസ്റ്റ് വിപ്ലവം ആണ്. ലോകമെമ്പാടുമുള്ള തൊഴിലാളികൾ കമ്മ്യൂണിസം കെട്ടിപ്പടുക്കുകയും അതിനുവേണ്ടി പോരാടുകയും ചെയ്താൽ മാത്രമേ മുത്തലീത്ത വ്യവസ്ഥ തകരുകയുള്ളു.

മുതലാളിത്ത നാമാവശേഷമായി കഴിയുമ്പോൾ അതിന്റെ ചാരത്തിൽ നമുക്ക് ഒരു സമൂഹത്തെ കെട്ടിപ്പടുക്കേണ്ടതുണ്ട്. അത് ജനങ്ങളുടെ കൂട്ടായ്മയോടെ പ്രവർത്തിക്കുന്നതും പരസ്പരം പരിപാലിക്കുന്നതും ആയിരിക്കണം. ഇങ്ങനെയുള്ള സമൂഹത്തിനു ജനങ്ങളുടെ ആവശ്യങ്ങളായ പാർപ്പിടം,ഭക്ഷണം, സംരക്ഷണം എന്നിവ നിറവേറ്റുവാനുള്ള കാര്യങ്ങൾ ഉല്പാദിപ്പിക്കുവാൻ സാധിക്കും.

മുതലാളിത്തത്തിന്റെ വൈരുധ്യങ്ങൾ പകർച്ചവ്യാധി വ്യാപിപ്പിക്കുകയും, അവ വർധിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റ ഫലമായി നിരാശരായ നിരവധി ജനങ്ങൾ വ്യവഥയോടു രോഷാകുലരാകുകയും ആവലാതിപ്പെടുകയും ചെയ്തിരിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. ഈ ആവലാതികൾ തൊഴിലാളികൾക്ക് മുതാളിത്തത്തിൽ നിന്നും മുക്തിനേടാനുള്ള ഒരു അവസരമാണ് നൽകുന്നത്. അതിനു അവർ ഈ ആവലാതികൾ ഒരു സംഘടിത രോഷമാക്കി മാറ്റുകയും മുതലാളിത്തം തകർക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒന്നിച്ചു ഒരു പുതിയ കമ്മ്യൂണിസ്റ്റ് ലോകത്തിലേക്ക് പ്രവേശിക്കുകയും ചെയ്യണം.

ജനങ്ങളോട് പോലീസ് ക്രൂരത വർദ്ധിപ്പിക്കുന്നത് മുതലാളിത്ത വ്യവസ്ഥയുടെ ബലഹീനതയെ ആണ് കാണിക്കുന്നത്. നമ്മൾ ഈ അവസരങ്ങൾ തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഒരു അന്താരാഷ്ട്ര തൊഴിലാളി വർഗ്ഗം എന്ന നിലയിൽ നമ്മളെ ചൂഷണം ചെയ്യുന്ന ഈ വ്യവസ്ഥയ്ക്കെതിരെ സ്വയം സംഘടിക്കുകയും നമ്മുടെ പോരാട്ടം ശക്തമാക്കേണ്ടതും വളരെ ആവശ്യമാണ്. അത് നടപ്പിലാക്കാൻ ഐ സി ഡബ്ള്യു പി പോലെയുള്ള ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നമുക്ക് ആവശ്യമാണ്, കൂട്ടായ്മയിൽ ചേരുകയും, മാറ്റത്തിന്റെ തത്വ ചിന്തയായ വൈരുദ്ധ്യാത്മക ഭൗതിക വാദത്തിലുള്ള നമ്മുടെ ധാരണയും പ്രയോഗവും കൂടുതൽ ആഴത്തിലാക്കുകയും ചെയ്യുക.ജയിക്കേണ്ടത് നമ്മുടെ ലോകമാണ്.